(എഫ്)വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സർവ്വീസുകളെ എ,ബി,സി,ഡി, എന്ന് നാലായി തിരിച്ചിട്ടുണ്ട്. ഇതിൽ ഉയർന്ന വരുമാനം ലഭിക്കുന്ന എ,ബി. എന്നീ വിഭാഗങ്ങൾ മുടക്കം കൂടാതെയും കൃത്യമായും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. വരുമാനചോർച്ച തടയുവാൻ പരിശോധനാവിഭാഗം ശക്തിപ്പെടുത്തി, കഴിവതും ഒറിജിനൽ സ്പെയർ പാർട്ടുകൾ ലഭ്യമാക്കി റിപ്പയർ ചെയ്യുന്നതിനാൽ ബ്രേക്ക്ഡൗൺ കുറയ്ക്കുവാനും അതുവഴിയുള്ള വരുമാന നഷ്ടം ഒഴിവാക്കുവാനും ശ്രമിക്കുന്നു. കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കുവാൻ നടപടികളെടുത്തിട്ടുണ്ട്. ദേശവൽകൃത മേഖലയിൽ ഘട്ടംഘട്ടമായി കൂടുതൽ സർവ്വീസുകൾ ഓടിക്കുന്നതാണ്. രണ്ടു കണ്ടക്ടർമാരെയും രണ്ടു ഡ്രൈവർമാരെയും ഒരു മെക്കാനിക്കൽ വിഭാഗം ജീവനക്കാരനേയും ഉൾപ്പെടുത്തി ബസ് ക്രൂമാറ്റേജ് സിസ്റ്റം നടപ്പാക്കി വരുന്നു. ഇതുവഴി ബസും ജീവനക്കാരും തമ്മിലുള്ള ആത്മബന്ധം വർദ്ധിപ്പിക്കുവാൻ കഴിയുന്നുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലകളിലും ശ്രദ്ധചെലുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് പരമാവധി ചുരുക്കുന്നതിനും ശ്രദ്ധിച്ചുവരുന്നു.

75 (393) പെരിന്തൽമണ്ണ സ്പെഷ്യൽ സർവ്വീസ്

<u>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജനുവരി 21-ാം തീയതി രാവിലെ 7.45-ന് കൊല്ലത്ത് നിന്ന് റ്റി.എസ്. 73-ാം നമ്പർ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ് പെരിന്തൽമണ്ണയിലേയ്ക്ക് സ്പെഷ്യൽ സർവീസ് നടത്തുകയുണ്ടായോ;

(ബി) ഈ ബസ് പെരിന്തൽമണ്ണയ്ക്ക് സ്പെഷ്യൽ സർവ്വീസ് നടത്തിയത് എന്ത് ആവശ്യത്തിന് വേണ്ടിയായിരുന്നു; ഒരു ബസ് സ്പെഷ്യൽ സർവ്വീസ് നടത്തുമ്പോൾ ഒരു കി.മീറ്ററിന് എന്തു തുക കളക്ഷൻ കിട്ടണമെന്നാണ് വ്യവസ്ഥയുള്ളത്;

(സി) പ്രസ്തുത ബസ് പെരിന്തൽമണ്ണയ്ക്ക് പോയിവന്നപ്പോൾ എന്തു തുക കളക്ഷൻ ലഭിച്ചു;

(ഡി) പ്രസ്തുത ബസ് സാധാരണയായി ഏതു റൂട്ടിലാണ് ഓടിയിരുന്നത്;

(ഇ) പ്രസ്തുത റൂട്ടിൽ ആ ബസ് ഓടുമ്പോൾ ഒരു ദിവസം എന്തു തുക കളക്ഷൻ കിട്ടുമായിരുന്നു?

<u>ഉത്തരം</u>

(എ) സ്പെഷ്യൽ സർവ്വീസ് നടത്തുകയുണ്ടായില്ല. 6.30 നുള്ള കൊല്ലം-തിരുവനന്തപുരം-എറണാകുളം സർവ്വീസ് പെരിന്തൽമണ്ണയിലേയ്ക്ക് തിരിച്ച് വിടുകയുണ്ടായി.

(ബി) കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത ട്രേഡ് യൂണിയനായ കെ.എസ്.ആർ.റ്റി.എംപ്ലോയീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനം പെരിന്തൽമണ്ണയിൽ നടക്കുകയായിരുന്നതിനാൽ ജീവനക്കാരായ യാത്രക്കാരുടെ ആവശ്യപ്രകാരമാണ് സർവ്വീസ് തിരിച്ചു വിട്ടത്. സമ്മേളനത്തോടനുബന്ധിച്ച് ജീവനക്കാരെ പാസുപയോഗിച്ച് യാത്ര ചെയ്യാൻ അനുവദിക്കുന്ന നിയ

LIBRARY ARCHIVES Kerala Legislative Assembly

മത്തിൽ അയവ് വരുത്തിയിരുന്നു. ഇത്തരം സാഹചര്യത്തിൽ കളക്ഷനെ സംബന്ധിച്ച് വ്യവസ്ഥയില്ല.

(സി) 1717.50 രൂപ

(ഡി) കൊല്ലം-തിരുവനന്തപുരം-എറണാകുളം റൂട്ടിൽ

(ഇ) ശരാശരി 7500/ രൂപ.

75 (394) കെ.യു. ജോസഫിന്റെ മകൾക്ക് ജോലി നൽകണമെന്ന അപേക്ഷ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവറായി ജോലിയിലിരിക്കെ 1993-ൽ മരണമടഞ്ഞ കണ്ണൂർ ജില്ലയിൽ കൂട്ടുമുഖം കടുവർമാക്കൻ വീട്ടിൽ കെ.യു. ജോസഫിന്റെ മകൾ ഷീജയ്ക്ക് ജോലി നൽകണമെന്ന അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ജോലിക്കുവേണ്ടി രേഖകൾ സഹിതം 7.4.97-ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും രണ്ടുവർഷം കഴിഞ്ഞിട്ടും നിയമനം നൽകാതിരിക്കാൻ കാരണമെന്താണ്;

(സി) കെ.എസ്.ആർ.ടി.സി. യിൽ ഡെയിംഗ് ഇൻഹാർനസ്സിൽ ഉള്ള എത്ര അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ട്;

(ഡി) ഏതു തീയതിവരെയുള്ള അപേക്ഷകർക്കു ജോലി നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുമാരി ഷീജയുടെ അപേക്ഷയിൻമേൽ നടപടികൾ ക്രമാനുസൃതം പൂർത്തിയാക്കി ടി കക്ഷിയെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് തിരഞ്ഞെടുത്തു കഴിഞ്ഞിട്ടുണ്ട്. നിയമനത്തിനുള്ള അനന്തര നടപടികൾ പൂർത്തിയായി വരുന്നു.

(ബി) അപേക്ഷക നിയമനത്തിനായി ആവശ്യപ്പെട്ട എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ ഇല്ലാതിരുന്നത് കൊണ്ടാണ്. നിയമനം വൈകിയത്.

(സി) അൻപതോളം അപേക്ഷകൾ പരിഗണനയിലുണ്ട്.

(ഡി) 12.10.99 വരെ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയ ആശ്രിതർക്കു നിയമനം നൽകിയിട്ടുണ്ടെങ്കിലും എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലാത്തതുകൊണ്ട് പ്രസ്തുത തസ്തികയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാതെയുണ്ട്.

77 (395) എ.എം.വി.ഐ. തസ്തികയിലെ ഒഴിവുകൾ

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എം.വി.ഐ. പോസ്റ്റിലേക്ക് 19.9.98 -ൽ നിലവിൽ വന്ന പി. എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു;

LIBRARY ARCHIVES Kerala Legislative Assembly